(ബി) എങ്കിൽ അവ ഏതെല്ലാം ;

(സി) ഈ പദ്ധതികൾക്കോരോന്നിനും എന്ത് തുക വീതം നാളിതുവരെ ചെലവഴിച്ചു ;

(ഡി) ഇവയുടെ നിർമ്മാണച്ചെലവ് എന്ത് വരുമെന്ന് വ്യക്തമാക്കാമോ ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) :

(എ) ഇല്ല. എന്നാൽ പഴശ്ശി പദ്ധതി പൂർണ്ണമായി ഉടൻ കമ്മീഷൻ ചെയ്യുന്നതാണ്.

(ബി,സി&ഡി) ഉദിക്കുന്നില്ല.

(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

ക്ഷേമ പദ്ധതികൾക്ക് അനുവദിച്ച തുക

1 (1152) ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമ പദ്ധതികൾക്കായി 2000-2001 വർഷത്തേയ്ക്ക് അനുവദിച്ച മൊത്തം തുക പൂർണ്ണമായും ചെലവഴിക്കുന്നു എന്ന് സർക്കാർ ഉറപ്പു വരുത്തിയിട്ടുണ്ടോ ;

(ബി) 1999-2000 വർഷത്തേയ്ക്ക് അനുവദിച്ചിട്ടുള്ള തുക വിനിയോഗിക്കാതെ ലാപ്സായിട്ടുണ്ടോ ;

(സി) എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(ഡി) 2000-2001 വർഷത്തിൽ ഈ പദ്ധതിക്കുള്ള തുക ട്രഷറികളിൽ നിക്ഷേപിക്കാതെ പൂർണ്ണമായും ചെലവഴിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) വകയിരുത്തിയ തുക ആ വർഷം പൂർണ്ണമായി ചെലവഴിക്കാൻ കഴിഞ്ഞിട്ടില്ല. ശേഷിക്കുന്ന തുക ഈ വർഷം വിനിയോഗിച്ച് വരുന്നതിനാൽ ലാപ്സായിട്ടില്ല.

(സി) പ്രത്യേക ഘടകപദ്ധതിയിൻ കീഴിൽ തദ്ദേശസ്ഥാപനങ്ങൾക്ക് പദ്ധതി സഹായമായി അനുവദിച്ച തുകയിൽ 4500.18 ലക്ഷം രൂപയും വകുപ്പ് തലവന്മാർ നടപ്പാക്കിയ പദ്ധതിയിൽ 897.15 ലക്ഷം രൂപയുമാണ് ചെലവഴിക്കാൻ കഴിയാതിരുന്നത്. പട്ടികവർഗ്ഗ ഉപപദ്ധതിയിൽ ഇത് യഥാക്രമം 1356.98 ലക്ഷം രൂപയും 365.56 ലക്ഷം രൂപയുമാണ്. ഈ തുകകൾ 2000-01 വർഷത്തിൽ വിവിധ പദ്ധതികൾക്ക് വിനിയോഗിക്കുന്നുണ്ട്.

(ഡി) സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly